compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 സെപ്റ്റംബർ 01
**Tuesday, 01st September 2026**

1202 ചിങ്ങം 16
**16th Chingam 1202**

1948 ഭാദ്രം 10
**10th Bhadra 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** **35**

## Part III

## Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നമ്പർ JCI/112/2013. 2026 ആഗസ്റ്റ് 14.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 5-7-2025-ലെ DICALP/2819/2024-G (Society) നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ ഭഗവതിപ്പടി, പത്തിയൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന ചന്ദ്രികാ ഹരിജൻ ICS LTD No. SIND(A) 157, ഭഗവതിപ്പടി, പത്തിയൂർ പി. ഒ. എന്ന വ്യവസായ സഹകരണ സംഘം സമാപ്തീകരിക്കുന്നതിന് ഉത്തരവായിട്ടുള്ളതും കാർത്തികപ്പള്ളി താലൂക്ക് വ്യവസായ ഓഫീസിലെ സഹകരണ ഇൻസ്പെക്ടർ (ഇൻഡ്)-നെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുള്ള അവകാശവാദമുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന യാതൊരുവിധ അവകാശവാദങ്ങളും ബാദ്ധ്യതകളും പരിഗണിക്കുന്നതല്ലെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
ചന്ദ്രികാ ഹരിജൻ ICS LTD No. SIND(A) 157,
ഭഗവതിപ്പടി, പത്തിയൂർ പി. ഒ. &
ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ
(ഇൻഡസ്ട്രീസ്), കാർത്തികപ്പള്ളി.

താലൂക്ക് വ്യവസായ ഓഫീസ്,
കാർത്തികപ്പള്ളി, ഹരിപ്പാട് പി. ഒ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

നമ്പർ: Liq/JCI/311/2026 തീയതി: 29/08/2026

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 30-06-2026 തീയതിയിലെ DICTSR/852/2020-B2 നമ്പർ ഉത്തരവ് പ്രകാരം, **പുതുക്കാട് പഞ്ചായത്ത് ഗ്രാനൈറ്റ് വർക്കേഴ്സ് (SC) സഹകരണ സംഘം ലി. നം. SIND (R) 311** സമാപ്തീകരണത്തിലാവുകയും, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) ഈ സംഘത്തിന്റെ എല്ലാ ചുമതലകളും ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ പരാമർശിച്ച സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുകയോ മറ്റ് അവകാശങ്ങളോ ലഭിക്കുവാനുണ്ടെങ്കിൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ **രണ്ട് മാസത്തിനകം** ആവശ്യമായ രേഖകൾ സഹിതം ലിക്വിഡേറ്ററെ സമീപിച്ച് അവകാശം ഉന്നയിക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന യാതൊരുവിധ അവകാശവാദങ്ങളും സാമ്പത്തിക ബാധ്യതകളും പരിഗണിക്കുന്നതല്ലെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു

ഒപ്പ്

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ( ലിക്വിഡേഷൻ)
ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ

ജില്ലാ വ്യവസായ കേന്ദ്രം തൃശ്ശൂർ

.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**
**(ഹാജർ : ഷീബ എസ് )**

DICTSR/799/2020-B2 11/06/2026

**വിഷയം :-** വ്യവസായം ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ - ലൗലി വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 336- സമാപ്തീകരണ നടപടികൾ പൂർത്തിയാക്കി സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1. ഈ ഓഫീസിലെ 13/07/2010 തിയ്യതിയിലെ ബി2/3832/05 നമ്പർ നടപടിക്രമം
2. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലികിഡേഷൻ), തൃശ്ശൂർ-ന്റെ 04/03/2026 തിയ്യതിയിലെ Liq/Jci/336/2010 നമ്പർ കത്ത്

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ 12/02/1996-ൽ രജിസ്റ്റർ ചെയ്ത് 18/03/1996-ൽ പ്രവർത്തനം ആരംഭിച്ച സംഘമാണ് ലൗലി വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 336. കൊടുങ്ങല്ലൂർ താലൂക്കിലെ എടവിലങ്ങ് പഞ്ചായത്തിലെ 5, 6, 8 വാർഡുകളായിരുന്നു സംഘത്തിന്റെ പ്രവർത്തന പരിധി. തയ്യൽ, എംബ്രോയിഡറി, ഗാർമെന്റ് മെയ്ക്കിംഗ് എന്നിവയുടെ ഉത്പാദനവും വിപണനവുമായിരുന്നു സംഘത്തിന്റെ പ്രധാന ലക്ഷ്യം.

ആകെ 17 അംഗങ്ങളുള്ള സംഘം, ഓഹരി മൂലധന ഇനത്തിൽ 18,000/- രൂപ പിരിച്ചെടുത്തിട്ടുണ്ടായിരുന്നു. എന്നാൽ സർക്കാരിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ യാതൊരുവിധ ഓഹരി പങ്കാളിത്തമോ സാമ്പത്തിക സഹായമോ സംഘത്തിന് ലഭിച്ചിട്ടില്ല. സ്വന്തമായി ഭൂമിയോ കെട്ടിടമോ സംഘത്തിനുണ്ടായിരുന്നില്ല.

സംഘത്തിന്റെ 2008-09 വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുള്ളതും അഫിലിയേഷൻ ഫീ, ആഡിറ്റ് ഫീ ഇനങ്ങളിൽ കുടിശ്ശികകൾ ഒന്നും തന്നെ നിലവിലില്ലാത്തതുമാണ്. സംഘത്തിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റ്, വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് എന്നിവ മാത്രമാണ് ലികിഡേറ്റർക്ക് ലഭ്യമായിട്ടുള്ളത്. സമാപ്തീകരണ നടപടികളുടെ ഭാഗമായി 03/03/2026 തീയതി തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ വച്ച് പൊതുയോഗം വിളിച്ചു ചേർത്തിരുന്നുവെങ്കിലും സംഘാംഗങ്ങൾ ആരും തന്നെ യോഗത്തിൽ പങ്കെടുത്തില്ല.

സംഘത്തിന് നിലവിൽ യാതൊരുവിധ ആസ്തികളും ഇല്ലാത്തതിനാൽ ഓഹരി തുകയോ മറ്റ് ബാധ്യതകളോ തീർപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കൂടാതെ സംഘത്തിനെതിരെ മറ്റ് അവകാശവാദങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല. സഹരണ സംഘം രജിസ്ട്രാറുടെ 24/03/2014 തീയതിയിലെ 12/2014 നമ്പർ സർക്കുലാർ പ്രകാരം ലികിഡേഷൻ ചാർജ്ജ് ഈടാക്കേണ്ടത് സംഘങ്ങളുടെ ക്യാഷ് കളക്ഷൻ തുകയിൽ നിന്നാണ്. എന്നാൽ പ്രസ്തുത സംഘത്തിൽ നിന്നും ക്യാഷ് കളക്ഷൻ ഇനത്തിൽ യാതൊരു തുകയും ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ സർക്കുലർ പ്രകാരം ലികിഡേഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ല. സംഘത്തിൻ്റെ സമാപ്തീകരണ നടപടിക്രമങ്ങൾ പൂർണ്ണമായി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് പരാമർശം (2) പ്രകാരം ലികിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 1969 ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം ലൗലി വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 336, എന്ന സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ടും പേര് സംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലികിഡേഷനുമായി ബന്ധപ്പെട്ട റിക്കാർഡുകൾ ഈ ഉത്തരവ് തിയ്യതി മുതൽ 3 വർഷത്തേക്ക് ലികിഡേറ്റർ സൂക്ഷിക്കേണ്ടതും ശേഷം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്

(ഒപ്പ്)
ജനറൽ മാനേജർ
ജില്ലാ വ്യവസായ കേന്ദ്രം തൃശ്ശൂർ

**തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**
**(ഹാജർ : ഷീബ എസ് )**

DICTSR/805/2020-B2 10/06/2026

**വിഷയം :-** വ്യവസായം ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ - നവ്യ വനിത വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ. 357 കാട്ടുകുറ്റി, രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1. ഈ ഓഫീസിലെ 26/06/2006 തിയ്യതിയിലെ ബി 2/3539/05 നമ്പർ നടപടിക്രമം
2. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) ന്റെ 04/02/2026 തിയ്യതിയിലെ Liq/jci/357/2006 നമ്പർ കത്ത്

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ 26/03/1999-ൽ രജിസ്റ്റർ ചെയ്ത് 03/05/1999-ൽ പ്രവർത്തനം ആരംഭിച്ച സംഘമാണ് നവ്യാ വനിത വ്യവസായ സഹകരണസംഘം നമ്പർ 357. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്കിൽപ്പെട്ട കാട്ടുകുറ്റി പഞ്ചായത്തിലെ എല്ലാ വാർഡുകളും ഉൾപ്പെട്ടതായിരുന്നു ഈ സംഘത്തിന്റെ പ്രവർത്തന പരിധി. അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ, ഉപ്പേരി, മധുരപലഹാരങ്ങൾ എന്നിവ നിർമ്മിച്ച് വിപണനം നടത്തുക എന്നതായിരുന്നു സംഘത്തിന്റെ പ്രധാന ലക്ഷ്യം.

ആകെ 11 വനിതാ മെമ്പർമാരുണ്ടായിരുന്ന ഈ സംഘത്തിന് 1999-ൽ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൽ നിന്നും ജനകീയസൂത്രണ പദ്ധതി പ്രകാരം 65,000/- രൂപ ധനസഹായം ലഭിച്ചിരുന്നു. ടി തുക ഉപയോഗിച്ചാണ് സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോയിരുന്നത്. തുടർന്ന്, കാട്ടുകുറ്റി സർവീസ് സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് കൊരട്ടി ശാഖ എന്നിവയിലായി സംഘത്തിന്റെ പേരിൽ 27,000/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. എന്നാൽ 30/11/1999-ന് ശേഷം സംഘത്തിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ലാത്തതും, മറ്റ് സർക്കാർ ധനസഹായങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതുമാണ്. ബാങ്കുകളിലുണ്ടായിരുന്ന ആകെ തുകയായ 27,000/- രൂപ നിലവിൽ കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

സമാപ്തീകരണ (ലിക്വിഡേഷൻ) നടപടികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി 29/01/2026 തീയതി ലിക്വിഡേഷൻ ഇൻസ്പെക്ടർ പൊതുയോഗം വിളിച്ചു ചേർക്കുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത അംഗമായ ലീന ഫ്രാൻസിസിന് തുടർനടപടികൾ വിശദീകരിച്ചു നൽകിയപ്പോൾ, സംഘാംഗങ്ങളിൽ പലരും മരണപ്പെട്ടതായും ചിലർ സ്ഥലത്തില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സംഘത്തിന്റെ സമാപ്തീകരണ നടപടിക്രമങ്ങൾ പൂർത്തിയായതിനാൽ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി ലിക്വിഡേറ്റർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിലെ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം "നവ്യാ വനിത വ്യവസായ സഹകരണസംഘം നമ്പർ 357" എന്ന സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും സംഘത്തിന്റെ പേര് സഹകരണ സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷനുമായി ബന്ധപ്പെട്ട റിക്കാർഡുകൾ ഇന്നേ തിയ്യതി മുതൽ 3 വർഷത്തേക്ക് ലിക്വിഡേറ്റർ സൂക്ഷിക്കേണ്ടതും, ശേഷം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്

(ഒപ്പ്)
ജനറൽ മാനേജർ
ജില്ലാ വ്യവസായ കേന്ദ്രം തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.01 04:07:57 +05:30